# അമൃത വിദ്യാർത്ഥികൾ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി



കരുനാഗപ്പള്ളി ഗവ. ആശുപത്രിയിൽ അമൃത വിദ്യാപീഠം അമൃതപുരി ക്യാംപസിലെ വിദ്യാർത്ഥികളും അധ്യാപകരും സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

**അമൃതപുരി :** കരുനാഗപ്പള്ളി ഗവൺമെന്റ് ആശുപത്രിയിൽ അമൃത വിദ്യാപീഠം അമൃതപുരി ക്യാംപസിലെ വിദ്യാർത്ഥികളും അധ്യാപകരും സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഏകദിന പരിസര ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

മാ അമൃതാനന്ദമയി ദേവിയുടെ സന്ദേശമുൾക്കൊണ്ട് വിവിധങ്ങളായ സാമൂഹിക സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന അമൃതപുരി ക്യാംപസിലെ അധ്യാപക വിദ്യാർത്ഥി കൂട്ടായ്മയായ അമൃത സഞ്ജീവനിയുടടെ നേതൃത്വത്തിലാണ് സുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

പാഴ്വസ്തുക്കൾ വെവ്വേറെ ശേഖരിച്ച് യഥായോഗ്യം സംസ്കരിക്കുന്നതിനായി കരുനാഗപ്പള്ളി പഞ്ചായത്തിന് കൈമാറി.

കരുനാഗപ്പള്ളി ആശുപത്രിയിലെ ഡോ. ശിവൻകുട്ടി സന്നദ്ധസേവകർക്ക് എല്ലാ സഹായങ്ങളും ഈ പ്രവർത്തനങ്ങളിൽ നൽകി.